**തസ്മാദഹം വിഗതവിക്ലവ ഉദ്ധരിഷ്യ**
**ആത്മാനമാശു തമസസ്സുഹൃദാ*ff*ത്മനൈവ**
**ഭുയോ യഥാ വ്യസനമേതദനേകരന്ധ്രം**
**മാ മേ ഭവിഷ്യദുപസാദിതവിഷ്ണുപാദ: (3-31-21)**

കപിലദേവൻ തുടർന്നു:
മനുഷ്യജന്മമെടുക്കാൻ വിധിക്കപ്പെട്ട ജീവാത്മാവ് പുരുഷന്റെ ശുക്ലത്തിലൂടെ സ്ത്രീയുടെ യോനിയിൽ പ്രവേശിക്കുന്നു. ഒരു രാത്രി ഗർഭപാത്രത്തിൽ സംയോജിച്ച് അഞ്ചുദിവസങ്ങൾകൊണ്ട് അതൊരു ചെറിയ കുമിളയായിത്തീരുന്നു. പത്തുദിവസംകൊണ്ട് ഒരു ഞാവൽപ്പഴത്തിന്റെ വലിപ്പവും, ഒരുമാസം കൊണ്ട് തലയും, രണ്ടു മാസമാകുമ്പോൾ കൈകാലുകളും ഉണ്ടാകുന്നു. മൂന്നു മാസം കൊണ്ട്, മറ്റവയവങ്ങളും നാലു മാസത്തിൽ മാംസരക്താദി വസ്തുക്കളും ഉണ്ടാവുന്നു. ആറാം മാസത്തിൽ, ഗർഭശിശു അനങ്ങിത്തുടങ്ങുന്നു. അമ്മയുടെ ആഹാരത്തിൽ നിന്നുമൊരംശം സ്വീകരിച്ചു കൊണ്ട് ഏഴാം മാസമാവുമ്പോൾ ശിശുവിന് ബോധമുണ്ടാകുന്നു. ഭഗവൽകൃപയാൽ അത് മുൻജന്മങ്ങളെപ്പറ്റി ഓർക്കുകയും ഭഗവാനെ പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

“എന്റെ കർമ്മപ്രാരബ്ധങ്ങളനുസരിച്ച് എന്നെ ഇവിടെയാക്കിയിരിക്കുമ്പോഴും ഞാൻ ഭഗവാനിൽ അഭയം തേടുന്നു. എല്ലാവിധ വിസ്മയങ്ങൾക്കുമതീതനും എന്റെ ഹൃദയകമലനിവാസിയുമായ ഭഗവാനെ ഞാൻ വണങ്ങുന്നു. ആ ബോധതലത്തിൽ ഞാൻ ജനനമരണങ്ങൾക്കും ശരീരബുദ്ധിക്കും അതീതനാണെന്ന് മനസ്സിലാക്കുന്നു. ഈ ശരീരവസ്ത്രത്താൽ എന്നെ പൊതിഞ്ഞിരിക്കുന്നതായി തോന്നുന്നത് അജ്ഞത മൂലമാണെന്നും ഞാനറിയുന്നു. അവിടുത്തെ കൃപാകടാക്ഷത്താൽ മാത്രമാണ് എനിക്ക് പൂർവ്വജന്മബോധവും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചുള്ള അറിവും ഉണ്ടായത്. അവിടുത്തെ മഹിമകളെ വാഴ്ത്താൻ എനിക്കു സാധിക്കുന്നതുപോലും ആ കൃപയാലത്രെ. ഗർഭത്തിലെ വാസം ബുദ്ധിമുട്ടു നിറഞ്ഞതാണെങ്കിലും പുറത്ത് ലോകജീവിതത്തെപ്പറ്റി ഓർക്കുമ്പോൾ ഭയം തോന്നുന്നു. പുറത്തുവരുമ്പോഴേ, മായയാൽ പൊതിഞ്ഞ് ആത്മഭാവം മറന്ന്, അഹങ്കാരബോധത്താൽ നയിക്കപ്പെടുമല്ലോ എന്നാണെന്റെ പേടി. അതുകൊണ്ട്, ഞാൻ എന്റെ ഹൃദയത്തിൽ ഭഗവാൻ വിഷ്ണുവിന്റെ പാദാരവിന്ദങ്ങൾ പ്രതിഷ്ഠിക്കുകയാണ്. മനസ്സിന്റെ ചാഞ്ചല്യങ്ങൾ ഒഴിഞ്ഞ്, അജ്ഞത നീക്കി ജനനമരണഹേതുവായ ഈ സംസാരചക്രത്തിൽനിന്നും മോചനം നേടാൻ എന്നെ അനുഗ്രഹിച്ചാലും.”

സമയമാവുമ്പോൾ കുട്ടി പിറക്കുന്നു. ജനനസമയത്തെ വേദനമൂലം പൂർവ്വസ്മൃതികളോ ഭഗവൽ സ്മരണയോ കുട്ടിക്കില്ലാതെ പോവുന്നു. വലിയൊരു പുഴുവിന്റെ അവസ്ഥയിൽ വൃത്തികേടുകളുടെ മദ്ധ്യത്തിൽ കിടന്ന് കുട്ടി കരയുന്നു. കുട്ടി വളരുന്നു. തന്നോട് സംസാരിക്കാനോ സംവദിക്കാനോ കഴിവില്ലാത്ത ആളുകൾ കൊടുക്കുന്ന ഭക്ഷണം കഴിച്ച് അവൻ വളരുന്നു. കൃമികീടങ്ങളുടെ ആക്രമണം സഹിച്ച് നിർത്താതെ കരയുന്നു. യൗവനത്തിലേക്ക് വളരുമ്പോൾ അവൻ പലേവിധ ആകർഷണങ്ങൾക്കും അടിമപ്പെടുന്നു. ഭഗവാന്റെ മായാരൂപമായ സ്ത്രീയാൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. (സ്ത്രീയോ പുരുഷനോ ആകട്ടെ, ആത്മസാക്ഷാത്ക്കാരം ആഗ്രഹിക്കുന്നയാൾ എതിർലിംഗത്തിൽ പ്പെട്ടവരുമായുള്ള സംസർഗ്ഗം വർജ്ജിക്കണം. അങ്ങിനെ നരകത്തിന്റെ വാതിൽപ്പടി കാണാതെ കഴിക്കാം).

അങ്ങിനെ ജീവാത്മാവ് സ്വകർമ്മങ്ങളുടെ ഫലമനുഭവിച്ചുകൊണ്ട് ജനനമരണചക്രങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. സൂക്ഷ്മശരീരം (ജീവാത്മാവ്), ഭൗതികശരീരവുമായി ചേരുമ്പോൾ ജനനമായി. എന്നാൽ അവ ഒന്നായി പ്രവർത്തിക്കാതെ വരുമ്പോൾ മരണവുമായി. ബുദ്ധിമാനായ ഒരുവൻ മരണത്തെ ഭയപ്പെടുന്നില്ല. ജീവനെ ശരീരത്തോടുബന്ധിച്ചുനിർത്താൻ വ്യാകുലനാകുന്നുമില്ല. അവൻ ഇഹലോകത്തിൽ ആസക്തിയില്ലാതെ സ്വശരീരം ലോകത്തിന്റെ തന്നെ ഭാഗമായി കണക്കാക്കി മുന്നോട്ടു പോവുന്നു.